പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3206

14.03.2018 ൽ
മറുപടിക്ക്

## ജനസൗഹൃദ പോലീസ് സ്റ്റേഷനുകൾ

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. വി. കെ. സി. മമ്മത് കോയ
ശ്രീ. സി.കൃഷ്ണൻ
ശ്രീ. എം. നൗഷാദ്

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

എ) പോലീസ് സ്റ്റേഷനുകൾ ജന സൗഹൃദമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

എ) പോലീസ് സ്റ്റേഷനുകൾ ജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

- പരാതികൾ സ്വീകരിക്കുന്നതിനായി പബ്ലിക് റിലേഷൻസ് ഓഫീസർ സംവിധാനം (പി.ആർ.ഒ)
- റിസപ്ഷൻ സംവിധാനം
- സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസ്
- വനിതാ ഹെൽപ് ഡസ്ക്
- ഐ.ആപ്സ് പെറ്റിഷൻ സംവിധാനം

പോലീസിന്റെ ഭാഗത്തു നിന്നും പൊതു ജനങ്ങൾക്ക് മാന്യതയാർന്ന പെരുമാറ്റം ഉറപ്പുവരുത്തുന്നതിന് കർശനമായ നിർദ്ദേശം എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ.മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയോഗിച്ചും കുറ്റാന്വേഷണ ചുമതലയും, ക്രമസമാധാന പരിപാലനവും

വിഭജിച്ച് നൽകിയതിലൂടെയും പരാതിക്ക് വേഗത്തിൽ പരിഹാരം കാണുന്നതിന് സാധിച്ചു വരുന്നുണ്ട്. ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ ആഴ്ചയിൽ ഒരിക്കൽ പഞ്ചായത്തിൽ എത്തി സ്ത്രീകളുടെ പരാതി സ്വീകരിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | ക്രമസമാധാന പാലനത്തോടൊപ്പം പൗരന്മാരുടെ മനുഷ്യാവകാശങ്ങളും അന്തസ്സും നിയമാനുസൃതം സംരക്ഷിക്കാൻ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | ബി) | ക്രമസമാധാന പാലനത്തോടൊപ്പം പൗരന്മാരുടെ മനുഷ്യാവകാശങ്ങളും അന്തസ്സും നിയമാനുസൃതം സംരക്ഷിക്കാൻ ജാഗ്രത പുലർത്താൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പൗരന്മാരുടെ അവകാശങ്ങളേയും അന്തസ്സിനേയും ഹനിക്കുന്ന തരത്തിലുള്ള നിയമലംഘന പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | നല്ല പെരുമാറ്റവും അന്വേഷണ മികവ് വർദ്ധിപ്പിക്കാനുള്ള മാർഗങ്ങളും പോലീസുകാരെ പഠിപ്പിക്കാനായി പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ടോ; 2018 പരിശീലന വർഷമായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്? | സി) | പോലീസുകാരുടെ നല്ല പെരുമാറ്റത്തിനു വേണ്ടി Correctional behaviour training അവരുടെ അടിസ്ഥാന പരിശീലനത്തോടൊപ്പം നൽകുന്നുണ്ട്. അന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇൻവെസ്റ്റിഗേഷനുമായി ബന്ധപ്പെട്ട പരിശീലനത്തിനായി ഇൻ സർവ്വീസ് ട്രെയിനിംഗ് മറ്റ് സംസ്ഥാനങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ നൽകി വരുന്നു. 2018 ട്രെയിനിംഗ് വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി പ്രത്യേക സിലബസ് പ്രകാരം എല്ലാ വിഭാഗം ഉദ്യോഗസ്ഥർക്കും പോലീസ് ട്രെയിനിംഗ് കോളേജ്, കേരളാ പോലീസ് അക്കാഡമി, ഡിസ്ട്രിക്ട് ട്രെയിനിംഗ് സെന്ററ്സ്, ഐ.എം.ജി എന്നിവിടങ്ങളിലായി ട്രെയിനിംഗ് സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ